
# Athmaraksha.org

ലേഖനം - കുടുംബം,സമാധാനം,സന്തോഷം, കരുണ

## മക്കളുടെമേൽ സമ്മർദ്ദം ചെലുത്താതെ അവരെ ദൈവത്തിനു സമർപ്പിച്ച് പ്രാർത്ഥിക്കുക




കുടുംബബന്ധങ്ങൾ സുപ്രധാനങ്ങളാണ്. പക്ഷേ അവ പരമമല്ല. നമ്മുടെ മക്കൾ പക്വതയിലേക്കും മാനുഷികവും ആധ്യാത്മികവുമായ സ്വാതന്ത്ര്യത്തിലേക്കും വളർന്നുവരുന്നതുപോലെതന്നെ ദൈവത്തിൽ നിന്നുവരുന്ന അവരുടെ പ്രത്യേകവിളി കൂടുതൽ വ്യക്തമായും ശക്തമായും ഉയർന്നുവരും. ഈ വിളിയെ മാതാപിതാക്കൾ ബഹുമാനിക്കുകയും ഇതു പിൻതുടരാൻ തങ്ങളുടെ മക്കളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യണം. യേശുവിനെ അനുഗമിക്കാനുള്ളതാണ് ക്രൈസ്തവന്റെ പ്രഥമ വിളി എന്ന അവബോധം അവർക്കുണ്ടായിരിക്കണം. "എന്നെക്കാൾ കൂടുതൽ പിതാവിനെയോ മാതാവിനെയോ സ്നേഹിക്കുന്നവൻ എനിക്കു യോഗ്യനല്ല; എന്നെക്കാൾ കൂടുതൽ മകനെയോ മകളെയോ സ്നേഹിക്കുന്നവനും എനിക്കു യോഗ്യനല്ല" (മത്താ. 10:37). യേശുവിന്റെ ഒരു ശിഷ്യനാവുക എന്നതിന്റെ അർത്ഥം ദൈവകുടുംബത്തിലെ അംഗമാകാനുള്ള ക്ഷണം സ്വീകരിക്കുകയും അവിടുത്തെ ജീവിതരീതിയ്ക്കു ചേർന്ന വിധം ജീവിക്കുകയും ചെയ്യുക എന്നതാണ്. "എന്തെന്നാൽ സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നവരാണ് എന്റെ സഹോദരനും സഹോദരിയും അമ്മയും" (മത്താ. 12:50).

സമർപ്പിത ജീവിതത്തിലോ വൈദികശുശ്രൂഷയിലോ ദൈവരാജ്യത്തിനുവേണ്ടി അവിവാഹിതാവസ്ഥയിൽ കർത്താവിനെ അനുഗമിക്കാൻ തങ്ങളുടെ മക്കൾക്ക് അവിടുത്തെ വിളിയുണ്ടാകുമ്പോൾ അതിനെ മാതാപിതാക്കൾ അംഗീകരിക്കുകയും സന്തോഷത്തോടും കൃതജ്ഞതയോടുംകൂടി ബഹുമാനിക്കുകയും ചെയ്യണം.

മക്കൾക്കു പ്രായപൂർത്തിയാകുമ്പോൾ അവർക്കു തങ്ങളുടെ ജോലിയും ജീവിതാവസ്ഥയും തിരഞ്ഞെടുക്കാൻ അവകാശമുണ്ട്. അവർ ഈ പുതിയ ഉത്തരവാദിത്വങ്ങൾ, മാതാപിതാക്കളോടുള്ള വിശ്വാസപൂർവ്വകമായ ബന്ധത്തിൽ, അവരുടെ ഉപദേശവും ആലോചനയും സൻമനസ്സോടെ ചോദിച്ചും സ്വീകരിച്ചും ഏറ്റെടുക്കണം. ജോലിയോ ജീവിതപങ്കാളിയെയോ തിരഞ്ഞെടുക്കുന്നതിൽ തങ്ങളുടെ മക്കളുടെമേൽ സമ്മർദ്ദം ചെലുത്താതിരിക്കാൻ മാതാപിതാക്കൾ ശ്രദ്ധിക്കണം. അവർക്കു

വിവേചനപരമായ ഉപദേശം നൽകുന്നതിനെ, പ്രത്യേകിച്ച് അവർ ഒരു കുടുംബം തുടങ്ങാൻ പോകുമ്പോൾ ഈ നിയന്ത്രണം തടസ്സപ്പെടുത്തുന്നില്ല. നേരെമറിച്ച് അതിനെ പ്രേരിപ്പിക്കുകയാണ് ചെയ്യുന്നത്.